(ബി) വാടക നിശ്ചയിക്കാൻ ഗവൺമെന്റിൽ നിന്ന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി അറിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വകയായുള്ള കെട്ടിടങ്ങൾക്ക് ആർ. ഡി. സി. വാടക നിശ്ചയിക്കേണ്ട കാര്യമില്ല.

ഹിന്ദിഭാഷയുടെ പ്രചാരണം

933. [1373] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിന്ദിഭാഷ പ്രചരിപ്പിക്കുവാൻ കേന്ദ്രനിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി പുതിയ തസ്തികകൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമെങ്കിൽ പുതിയ തസ്തികകൾ ഉണ്ടാക്കുന്നതാണ്.

പ്രിന്റിംഗ് ടെക്നോളജി പരീക്ഷ

934. [1374] ശ്രീ. എം. വി. രാഘവൻ :

,, സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രിന്റിംഗ് ടെക്നോളജി പരീക്ഷ വർഷത്തിൽ ഒരു പ്രാവശ്യം മാത്രം നടത്തുന്നതു കാരണം പ്രാക്ടിക്കലിനു തോൽക്കുന്ന വിദ്യാർത്ഥികൾക്ക് ആ വിഷയത്തിൽ പരീക്ഷക്കിരിക്കാൻ ഒരു വർഷം കാത്തിരിക്കണമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. ജി. ടി. വിഭാഗത്തിൽപ്പെട്ട പ്രിന്റിംഗ് ടെക്നോളജി പരീക്ഷ ഇപ്പോൾ വർഷത്തിലൊരിക്കൽ രണ്ടു സെക്ഷനായി നടത്തുന്നു. തിയറിയും പ്രാക്ടിക്കലും ഒരു വർഷത്തിൽ 4000-നു കീഴിൽ മാത്രം വിദ്യാർത്ഥികൾ പങ്കെടുക്കുന്നതും പതിനാറു പരീക്ഷാ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതുമായ ഒരു ടെക്നിക്കൽ പരീക്ഷ ഒന്നിലധികം പ്രാവശ്യം നടത്തുക എന്നത് നിലവിലുള്ള സാഹചര്യത്തിൽ പ്രായോഗികമല്ല. തിയറി പരീക്ഷയിൽ വിജയികളാകുന്നവർക്കുവേണ്ടി മാത്രമാണ് പ്രായോഗിക പരീക്ഷ നടത്തുന്നത്. പ്രിന്റിംഗ് സംബന്ധമായ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പരിജ്ഞാനം നിർണ്ണയിക്കുന്നതിനുവേണ്ടി നടത്തുന്ന പ്രസ്തുത പരീക്ഷയുടെ നിലവിലുള്ള നടത്തിപ്പ് രീതിയിൽ ഒരു മാറ്റം അനിവാര്യമാണെന്ന് തോന്നുന്നില്ല. പല മൈനർ പരീക്ഷകളും ഒരു വർഷത്തിലൊരിക്കൽ മാത്രം നടത്തുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly